**Malayala Manorama**

**17 August 2018**

**Malappuram, Edavanna, Landslide**

# കുടുംബത്തെ രക്ഷിച്ച് അമ്മധൈര്യം

## ഉരുൾപൊട്ടലിൽനിന്ന് കുടുംബത്തെ രക്ഷിച്ച് വീട്ടമ്മ മരണത്തിനു കീഴടങ്ങി

എടവണ്ണ (മലപ്പുറം) ● സ്വന്തം ജീവൻ ബലികൊടുത്ത് നിഷ കുഞ്ഞുമക്കളെയും കുടുംബത്തെയും രക്ഷപ്പെടുത്തി. ഇന്നലെ പുലർച്ചെ മൂന്നോടെയാണ് എടവണ്ണ മുണ്ടേങ്ങര കൊളപ്പാട് ബ്രാണൊടിയിൽ ഉരുൾപൊട്ടലുണ്ടായത്. ശബ്ദം കേട്ട്, ഒന്നരയും ആറും വയസ്സുള്ള മക്കളടക്കം ആറംഗ കുടുംബത്തെ വിളിച്ചുണർത്തി പുറത്തേക്കോടുന്നതിനിടെ വീടിനകത്തു നിഷ തട്ടിവീണു. എഴുന്നേൽക്കാനുള്ള സമയം ലഭിക്കുംമുൻപേ കല്ലും മണ്ണും വന്നു മൂടുകയും ചെയ്തു.

പക്ഷേ, അതിനകം ദുരന്തത്തിന്റെ കയ്യെത്താദൂരത്തേക്കു



നിഷ കുടുംബത്തെ മാറ്റിക്കഴിഞ്ഞിരുന്നു. ഭർത്താവ് വീമ്പുംകുഴി പട്ടീരി രാജേഷ്, മക്കളായ ആദിത് (ഒന്നര), രോഹിത് (ആറ്), രാജേഷിന്റെ മാതാപിതാക്കൾ എന്നിവരാണ് ഈ വീട്ടമ്മയുടെ ആത്മധൈര്യംകൊണ്ടു ജീവിതത്തിലേക്കു തിരിച്ചുവന്നത്.

സമീപത്തു വീടുകളൊന്നുമില്ലാതെ ഒറ്റയ്ക്കു കഴിയുന്ന ഈ കുടുംബം, രാത്രിതന്നെ നാട്ടുകാരെ വിവരം അറിയിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. തുടർന്നു രാവിലെ നാട്ടുകാർ കുത്തിയൊഴുകുന്ന മഴവെള്ളത്തെ അതിജീവിച്ചു വീടിനകത്തു കയറുകയും തിരച്ചിലിൽ മണ്ണിനടിയിൽനിന്നു നിഷയെ കണ്ടെത്തുകയും ചെയ്തു.

ദുർഘടമായ പാതയിലൂടെ കിലോമീറ്ററുകൾ താണ്ടി എടവണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇവരുടെ ഭർത്താവിനെയും മക്കളെയും മറ്റു രണ്ടുപേരെയും ഇതിനകം നാട്ടുകാർ ആശുപത്രിയിൽ എത്തിച്ചിരുന്നു.

എടവണ്ണയിൽ എട്ടോളം ഭാഗത്താണ് ഇന്നലെ ഉരുൾപൊട്ടലുണ്ടായത്.